I/68338/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി, ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം –ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 11.05.2022 ലെ WCD-E8/21579/2021(2) നം ഗസറ്റ് വിജ്ഞാപനം.
2. 03.06.2022 ലെ ഇതേ നം നടപടിക്രമങ്ങൾ.
3. സ.ഉ(സാ.ധാ)നം.453/2022/വശിവിവ തീയതി-25.10.2022

**<u>ഉത്തരവ് നം.DWCD/1942/2022-E9 തീയതി: 24-11-2022</u>**

വനിത ശിശു വികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ആദ്യ 5 ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് പരാമർശം (2) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാതല ICDS സെല്ലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അബ്ദുൾ റഷീദ്.ഇ-യ്ക്ക് പരാമർശം (3) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതിലൂടെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം 1 സെലക്ട് ലിസ്റ്റിൽ ക്രമ നം.6 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.നിഷാ രാജൻ ഉദ്യോഗക്കയറ്റം നേടുന്നതിന് അർഹയാണ്.

മേൽ സാഹചര്യത്തിൽ നിലവിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം. 6 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാരിയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീമതി.നിഷാ രാജൻ (213342)<br>ജൂനിയർ സൂപ്രണ്ട്,<br>ജില്ല വനിത ശിശു വികസന ഓഫീസ്, പാലക്കാട് | സീനിയർ സൂപ്രണ്ട്<br>വനിത ശിശു വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

I/68338/2022

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ആർ.ടി.സി-യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഇ 7 സീറ്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 24-11-2022 02:36:50